# നമസ്കാരത്തിന്റെ സുന്നത്തുകൾ

നമസ്കാരത്തിൻെറ സുന്നത്തുകൾ രണ്ട് വിഭാഗമായി തിരിച്ചിരിക്കുന്നു:

**1. ക്വൗലിയ്യായ (ചൊല്ലിപ്പറയേണ്ട) സുന്നത്തുകൾ:**

1. പ്രാരംഭ പ്രാർത്ഥനകൾ
2. അഊദു ചൊല്ലൽ
3. ബിസ്മി ചൊല്ലൽ
4. ഫാത്തിഹയുടെ അവസാനത്തിൽ ആമീൻ ചൊല്ലൽ.
5. ഫാത്തിഹക്ക് ശേഷം സൂറത്ത് ഓതൽ.
6. ഉറക്കെ ചൊല്ലേണ്ട നമസ്കാരത്തിൽ ഉറക്കെയും പതുക്കെ ചൊല്ലേണ്ട നമസ്കാരത്തിൽ പതുക്കെയും ചൊല്ലൽ.
7. സുജൂദിലും റുകൂഇലും ഒന്നിലധികം തവണ തസ്ബീഹ് ചൊല്ലൽ.
8. 'സമിഅല്ലാഹു ലിമൻ ഹമിദ' എന്ന് പറഞ്ഞതിന് ശേഷം തഹ്മീദിൻെറ വചനങ്ങൾ മുഴുവനായി ചൊല്ലൽ.
9. സുജൂദിൻെറ ഇടയിലെ ഇരുത്തത്തിൽ ഒന്നിലധികം തവണ ഇസ്തിഗ്ഫാറിന് വേണ്ടി പ്രാർത്ഥിക്കൽ.

**2. പ്രാവർത്തികമാക്കേണ്ട (ഫിഅ്ലിയ്യായ) സുന്നത്തുകൾ:**

1. തക്ബീറത്തുൽ ഇഹ്റാമിൻെറ അവസരത്തിലും റുകൂഇലേക്ക് പോകുമ്പോഴും അതിൽ നിന്ന് ഉയരുമ്പോഴും ഒന്നാമത്തെ തശഹ്ഹുദിൽ നിന്ന് ഉയരുമ്പോഴും രണ്ട് കൈകളും ചെവികൾ വരേയോ അല്ലെങ്കിൽ ചുമലുകൾ വരേയോ ഉയർത്തൽ.
2. ക്വുർആൻ പാരായണത്തിനുശേഷം അൽപം മൗനം ദീക്ഷിക്കൽ.
3. വലതുകൈ ഇടതുകയ്യിന്മേലായി നെഞ്ചിൽ വെക്കൽ.
4. സുജൂദിൻെറ സ്ഥാനത്തേക്ക് നോക്കൽ.
5. റുകൂഇൽ രണ്ട് ഉള്ളൻകൈകൾ വിരലുകൾ വിടർത്തി മുട്ടുകാലിൽ പിടിക്കൽ.
6. റുകൂഇൽ മുതുക് നിവർത്തിപ്പിടിക്കൽ.
7. റുകൂഇൽ കൈകൾ പാർശ്വങ്ങളിൽ നിന്ന് അകറ്റിപ്പിടിക്കൽ.
8. സുജൂദിൽ പൂർണമായും കമിഴ്ന്ന് കിടക്കൽ.
9. സുജൂദിൽ ഏഴു അവയവങ്ങൾ നിലത്തു പതിച്ച് വെക്കൽ.
10. സുജൂദിൽ കൈകൾ ഇരുപാർശ്വങ്ങളിൽനിന്നും അകറ്റിവെക്കൽ.
11. സുജൂദിൽ കൈകാൽ വിരലുകൾ ക്വിബ്ലക്ക് നേരെ വെക്കൽ.
12. സുജൂദിൽ ഉള്ളൻ കൈവിരലുകൾ അടുപ്പിച്ചു പിടിക്കൽ.

13. സുജൂദിൽ കാൽ വിരലുകൾ അകറ്റിവെക്കൽ.
14. സുജൂദിൽ തുടകളിൽ നിന്ന് വയറിനേയും, കണങ്കാലുകളിൽ നിന്ന് തുടകളേയും, പരസ്പരം രണ്ട് തുടകളേയും അകറ്റിനിറുത്തൽ.
15. സുജൂദിൽ രണ്ട് കൈകളും ചെവികൾക്കുനേരെയോ അല്ലെങ്കിൽ ചുമലുകൾക്കുനേരെയോ നിലത്ത് വെക്കലും അവക്കിടയിൽ സുജൂദ് ചെയ്യലും.
16. സുജൂദിൽ കാൽപദങ്ങളും മടമ്പുകളും അടുപ്പിച്ചുവെക്കലും നാട്ടിനിർത്തലും.
17. ഇരുത്തത്തിൽ വലതുകൈപത്തി വലതുകാലിൻെറ മുട്ടിലോ തുടയിലോ വെക്കലും ഇടതുകൈപത്തി ഇടതു കാലിൻെറ മുട്ടിലോ തുടയിലോ വെക്കലും.
18. ഇരുത്തത്തിൽ വലതു കയ്യിലെ ചെറുവിരലും മോതിര വിരലും ചുരുട്ടിപ്പിടിക്കുക. നടുവിരലും തള്ളവിരലും വൃത്താകൃതിവരും വിതം മുട്ടിച്ചു പിടിക്കുക. ചൂണ്ടുവിരൽകൊണ്ട് ക്വിബ്ലയുടെ ഭാഗത്തേക്ക് ചൂണ്ടുകയും ദുആഇൻേറയും ദിക്റിൻേറയും സന്ദർഭത്തിൽ അത് ഇളക്കിക്കൊണ്ടിരിക്കുകയും ചെയ്യുക.
19. ഇരുത്തത്തിൽ ചൂണ്ടുവിരൽ കൊണ്ട് ക്വിബ്ലയുടെ ഭാഗത്തേക്ക് ചൂണ്ടുമ്പോൾ അതിലേക്ക് നോക്കുക.
20. ഒന്നാമത്തെ തശഹ്ഹുദിൽ ഇഫ്തിറാശിൻെറ ഇരുത്തം ഇരിക്കൽ.
21. ഒന്നാമത്തെ തശഹ്ഹുദിൽ ഇബ്റാഹീമി സ്വലാത്ത് ചൊല്ലൽ.
22. അവസാനത്തെ തശഹ്ഹുദിൽ തവർറുകിൻെറ ഇരുത്തം ഇരിക്കൽ.
23. രണ്ടാമത്തെ സുജൂദിൽ എഴുന്നേൽക്കുമ്പോൾ ഇസ്തിറാഹത്തിൻെറ ഇരുത്തം ഇരിക്കൽ.
24. സലാം വീട്ടുമ്പോൾ വലതും ഇടതും ഭാഗത്തേക്ക് തിരിഞ്ഞ് നോക്കൽ.
25. നമസ്കരിക്കുന്നതിന് മുന്നിൽ ഒരു മറ സ്വീകരിക്കൽ.

<u>കുറിപ്പ്:</u> സുന്നത്തിൽ നിന്ന് ഏതെങ്കിലുമൊന്ന് മറന്നോ മനഃപ്പൂർവ്വമോ ഒഴിവാക്കിയാൽ നമസ്കാരം ബാത്വിലാകില്ല. പക്ഷേ പ്രതിഫലത്തിൻെറ പൂർണ്ണത നഷ്ടമാകും.

**തയ്യാറാക്കിയത്:**
അബ്ദുൽ ജബ്ബാർ അബ്ദുല്ല

**അവലംബം:**
*ശൈഖ് മുഹമ്മദ് ഇബ്നു സ്വാലിഹ് അൽ ഉഥൈമീന്റെ 'അശ്ശറഹുൽ മുംതിഅ്'*
*ശൈഖ് സാലിഹ് ഇബ്നു ഫൗസാൻ അൽ ഫൗസാന്റെ 'അൽ മുലഖ്ഖസ്വുൽ ഫിക്ഹി'*
*ശൈഖ് സഈദ് ഇബ്നു മിസ്ഫിർ അൽക്വഹ്ത്വാനിയുടെ 'സ്വലാതുൽ മുഅ്മിൻ'*
*ശൈഖ് ഇബ്രാഹീം ഇബ്നു മുഹമ്മദ് അദ്ദുവയ്യാന്റെ 'മനാറുസ്സബീൽ'*
*അബ്ദുല്ലാഹ് ഇബ്നു മുഹമ്മദ് അത്വയ്യാറിന്റെ 'കിതാബുസ്സ്വലാത്'*